International Journal of Advances in Engineering and Management (IJAEM)
Volume 3, Issue 3 Mar. 2021, pp: 1107-1110 www.ijaem.net ISSN: 2395-5252

# സംസ്കൃത സാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട ശ്രീ ചട്ടമ്പിസ്വാമികൾ

ഡോ.ലക്ഷ്മി വിജയൻ വി.ടി
അസിസ്റ്റന്റ് പ്രൊഫസർ, ന്യായവിഭാഗം, ഗവ. സംസ്കൃതകോളേജ്, തിരുവനന്തപുരം

Submitted: 10-03-2021 Revised: 30-03-2021 Accepted: 01-04-2021

**സംഗ്രഹം**

പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമികളെക്കുറിച്ച് സംസ്കൃതത്തിലെഴുതിയ ജീവചരിത്ര ഗ്രന്ഥമാണ് 'ബാലാഹ്വസ്വാമി ചരണാഭരണം'. സ്വാമിജിയുടെ ജീവിതത്തിലെ 55 വർഷങ്ങളാണ് ഗ്രന്ഥത്തിലെ പരാമർശവിഷയം. അദ്ദേഹത്തിന്റെ വിജ്ഞാനത്തെക്കുറിച്ചും പ്രധാനപ്രവാസങ്ങളെക്കുറിച്ചും ഗ്രന്ഥം പ്രതിപാദിക്കുന്നു. 'ന്യായദർശന'ത്തെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ പലയിടങ്ങളിലായി നല്കിയ വിവരണങ്ങളെക്കുറിച്ചുള്ള ഗഹനമായ പഠനമാണ് ഈ ലേഖനം ലക്ഷ്യമാക്കുന്നത്.

**പ്രധാനവാക്കുകൾ**

ജീവചരിത്രഗ്രന്ഥം, ചട്ടമ്പിസ്വാമികൾ, ന്യായദർശനം.

സംസ്കൃത ഭാഷയിലെഴുതിയ ജീവചരിത്ര ഗ്രന്ഥങ്ങൾ തുലോം കുറവാണ്. വ്യക്തികൾ വിശിഷ്ടരാവുമ്പോഴാണ് അവർ ചരിത്രത്തിൽ പരാമർശിക്കപ്പെടുന്നത്. അത്തരം ആളുകളുടെ ജീവിതം രേഖപ്പെടുത്തപ്പെടുമ്പോൾ അത് ജീവചരിത്രമാകുന്നു. സ്വാഭാവികമായും അത്തരക്കാർ എന്നും ചരിത്രത്തിൽ ജീവിക്കുന്നു. ആധുനിക കാലഘട്ടത്തിൽ സംസ്കൃതഭാഷയിൽ ഗ്രന്ഥങ്ങൾ രചിക്കപ്പെടുന്നു എന്നത് വിരളമാകുമ്പോൾത്തന്നെ ഒരു വ്യക്തിജീവിതത്തെക്കുറിച്ച് വരികളിലെഴുതപ്പെടുന്ന സംസ്കൃത കാവ്യം അസുലഭമാണ് എന്ന് പരാമർശിക്കാതിരിക്കാനാകില്ല. "പ്രത്യഗ്രശങ്കരൻ" എന്ന് അറിയപ്പെടുന്ന പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമികളെക്കുറിച്ച് എഴുതപ്പെട്ട ജീവചരിത്ര കാവ്യമാണ് "ബാലാഹ്വസ്വാമി ചരണാഭരണം". "സദ്ഗുരു സർവ്വസ്വം" എന്ന പേരുകൂടിയുള്ള ഈ കാവ്യം "കവിദീപൻ" ശ്രീ.എം.കെ. നാരായണപിള്ള വൈദ്യർ ആണ് രചിച്ചത്. ചട്ടമ്പിസ്വാമി തിരുവടികളെ നേരിട്ടറിഞ്ഞ ഈ പരമാത്മാവ്, അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക, സാമൂഹിക ജീവിതത്തിലൂടെയും പാണ്ഡിത്യത്തിന്റെ മഹാർണ്ണവത്തിലൂടെയും നടത്തിയ ജൈത്രയാത്രയുടെ ആകെത്തുകയാണ് ഈ ഗ്രന്ഥം. അതോടൊപ്പം സാമൂഹ്യസാഹചര്യങ്ങളെക്കുറിച്ചും, അക്കാലത്തെ ജീവിതരീതിയെക്കുറിച്ചും വിവിധ ശാസ്ത്രങ്ങളിലുള്ള സ്വാമിജിയുടെ അറിവിനെക്കുറിച്ചും, അദ്ദേഹത്തിന്റെ ജീവിതം, യാത്ര, സാധന, യോഗസിദ്ധി, ആദ്ധ്യാത്മിക സിദ്ധി തുടങ്ങിയവയെക്കുറിച്ചും ഈ ഗ്രന്ഥം വിവരിക്കുന്നു.

1853 ൽ ജനിച്ചതുതൊട്ട് 1909 വരെയുള്ള സ്വാമികളുടെ 55 വർഷത്തെ ജീവിതയാത്രയുടെ പ്രസക്ത സന്ദർഭങ്ങളാണ് കഥാതന്തു. 110 ശ്ലോകങ്ങളിൽ ഒരു മഹാത്മാവിന്റെ ജീവിതത്തെയും മൂല്യബോധത്തെയും ഈ കാവ്യം ചിത്രീകരിക്കുന്നു. ഗ്രന്ഥവുമായി ബന്ധപ്പെട്ട മറ്റൊരു പ്രസക്തമായ വിഷയം, ഇത് മലയാളത്തിൽ വ്യാഖ്യാനിക്കപ്പെട്ടതാണ്. 'വ്യാഖ്യാതാ വേത്തിഃ നഃ കവിഃ' എന്നതിനെ അന്വർത്ഥമാക്കിയ വ്യാഖ്യാകാരനാണ് പ്രൊഫ. കെ.ബാലരാമപ്പണിക്കർ. പുരാണേതിഹാസങ്ങളെക്കുറിച്ചും ദർശനങ്ങളെക്കുറിച്ചും വിവരിക്കുന്ന

International Journal of Advances in Engineering and Management (IJAEM)
Volume 3, Issue 3 Mar. 2021, pp: 1107-1110 www.ijaem.net ISSN: 2395-5252

ശ്ലോകങ്ങളെ മലയാളത്തിൽ വ്യാഖ്യാനിക്കുമ്പോഴാണ് അതിലെ ബൃഹത്തായ അറിവിന്റെയാഴി സാധാരണക്കാരന്റെ ശ്രദ്ധയിൽപ്പെടുന്നത്. ആ വ്യാഖ്യാനം പാടവത്തോടെ നിർവ്വഹിക്കാൻ ശ്രീ.ബാലരാമപ്പണിക്കർക്കായി. ഗ്രന്ഥത്തിന്റെ പ്രാധാന്യം വിവരിക്കുന്നതോടൊപ്പം, ഇതിൽപ്പറഞ്ഞിരിക്കുന്ന വിവിധ ശാസ്ത്രങ്ങളെക്കുറിച്ച് ഒരു അപഗ്രഥനം നടത്തുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

അസ്ത്യാത്മവിദ്യാമൃതതൃപ്തിശാലീ
ബാലാഭിധാനോ ഭഗവാൻ മുനീന്ദ്രഃ
യത്സ്വാമിനോ ഭൂവലയപ്രസിദ്ധം
വിഭാതി 'ചട്ടമ്പ്യ'പരാഭിധാനമ്.[1]

പരമഭട്ടാര ചട്ടമ്പിസ്വാമി തിരുവടികൾക്ക് ആദരവ് നൽകുകയും ഒപ്പം അദ്ദേഹത്തിന്റെ അപരനാമത്തിന്റെ പ്രസക്തിയും സാംഗത്യവും വ്യക്തമാക്കുകയും ചെയ്യുന്നു ഈ ഒന്നാം ശ്ലോകം. അതോടൊപ്പം തന്നെ ഒരു സ്വാമികളുടെ ജീവിതം പരാമർശിക്കുമ്പോൾ ശ്രദ്ധിക്കേണ്ടുന്നതും പ്രാധാന്യം നൽകേണ്ടതുമായ ബിന്ദുക്കൾ ശ്രദ്ധയോടെ വിവരിക്കാൻ ഒന്നാം ശ്ലോകം തൊട്ടേ ആരംഭിച്ചിട്ടുണ്ട് ഗ്രന്ഥകാരൻ. ആത്മവിദ്യയെക്കുറിച്ചത് പരാമർശിക്കുമ്പോൾ ബ്രഹ്മവിദ്യ തന്നെയാണ് ആത്മവിദ്യ എന്ന് വ്യാഖ്യാനം വ്യക്തമാക്കുന്നു. "അയമാത്മാ ബ്രഹ്മ സർവ്വാനുഭൂതഃ", "തത്വമസി" തുടങ്ങിയ ശ്രുതിവാക്യങ്ങൾ ബ്രഹ്മവും ആത്മാവും ഒന്നുതന്നെ എന്ന് തെളിയിക്കുന്നു."[2] ആത്മവിദ്യയെ ആസ്വദിക്കുന്ന ആത്മനിഷ്ഠയിൽ മുഴുകിയിരിക്കുന്ന വ്യക്തിയാണ് സ്വാമികൾ. ഇത്തരം വിഷയങ്ങൾ പ്രതിപാദിച്ച് ആരംഭിക്കുന്ന 'ബാലാഹ്വസ്വാമി ചരണാഭരണം', കാവ്യത്തിന്റെ പേരിന്റെ തന്നെ ഔചിത്യം വ്യക്തമാക്കിക്കൊണ്ടാണ് അവസാനിക്കുന്നത്.

ബാലാഹ്വസ്വാമിചരണാ-
ഭരണീകരണാദിദമ്

"ബാലാഹ്വസ്വാമിചരണാ-
ഭരണം" നാമതോ/പി ച.[3]

" 'ബാലൻ' എന്നു പേരുള്ള ശ്രീ ചട്ടമ്പിസ്വാമികളുടെ ചരണങ്ങൾക്ക് ഒരു ആഭരണം (അലങ്കാരം) എന്ന നിലയിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ കൃതി "ബാലാഹ്വസ്വാമിചരണാഭരണം" ആയിത്തീർന്നിരിക്കുന്നു.

ശ്രീ ചട്ടമ്പിസ്വാമികളുടെ തൃച്ചേവടികളിൽ ഒരു ആഭരണമായി (അലങ്കാരമായി) സങ്കല്പിച്ച് രചിച്ച് സമർപ്പിച്ചിരിക്കുന്നു എന്ന വസ്തുതയെ ആധാരമാക്കി ഈ കൃതിക്ക് "ബാലാഹ്വസ്വാമിചരണാഭരണം" എന്ന പേർ സിദ്ധിച്ചിരിക്കുന്നു.[4]

തപസ്സിനെ ധനമാക്കി കൽപ്പിക്കുന്ന സർവ്വസങ്ഗപരിത്യാഗികളായ തപസ്വികളിൽ പ്രധാനിയായിക്കൊണ്ട് ജനഹൃദയങ്ങൾക്ക് ആനന്ദം നൽകുക എന്ന ജീവിതോദ്ദേശ്യത്തെ സ്വാമികൾ ജീവിതലക്ഷ്യമാക്കി സ്വീകരിച്ചിരുന്നു. "വേദാന്തിനം യം ശരണം വ്രജന്ത"[5] എന്ന വരി വ്യാഖ്യാനിക്കുന്ന പ്രൊഫ. കെ.ബാലരാമപ്പണിക്കർ വേദങ്ങളെക്കുറിച്ചും അവയുടെ ശാഖകളെക്കുറിച്ചും വിവരിച്ചുകൊണ്ട് വേദാന്തത്തിന് മുഖവുര തരുന്നു. ഒപ്പം ബ്രഹ്മസൂത്രശാങ്കരഭാഷ്യത്തെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നു. ഏഴാം ശ്ലോകത്തിന്റെ വിശദമായ വ്യാഖ്യാനത്തിൽ മായയെക്കുറിച്ചും വിഭ്രാന്തിവികാരങ്ങളെക്കുറിച്ചും, മോക്ഷത്തെക്കുറിച്ചും കൃത്യമായ വിവരണമുണ്ട്. ആദ്യസർഗ്ഗത്തിലെ തുടക്കം, കൂടുതലും വിശിഷ്ടവ്യക്തിയായ ആദരണീയനായ സ്വാമികളുടെ മഹാത്മ്യങ്ങളാണ് വർണ്ണിക്കുന്നത്. യോഗസിദ്ധി, സമദർശിത്വം, ജ്ഞാനം, വാക്പാടവം, കാരുണ്യം, അദ്ധ്യാത്മനിഷ്ഠ തുടങ്ങിയ വിഷയങ്ങൾ ഒന്നാം സർഗ്ഗത്തിൽ ശ്ലോകങ്ങളിലൂടെ വ്യക്തമാക്കിയിരിക്കുന്നു. ഒപ്പം തിരുവനന്തപുരത്തിനടുത്താണ് ജനിച്ചതെന്നും ദർശനങ്ങളെക്കുറിച്ചും വിവിധ യോഗ

സാധനാ വിധികളെക്കുറിച്ചും വിശദീകരിക്കുന്നു. 42-ാം ശ്ലോകത്തിൽ ഒന്നാം സർഗ്ഗം അവസാനിക്കുമ്പോൾ, സ്വാമികളുടെ ഇഷ്ടദേവൻ ഷൺമുഖനാണ് എന്ന് പറയാനും ഗ്രന്ഥകാരൻ മടിക്കുന്നില്ല.

ശ്രീശങ്കരാചാര്യ മുനീന്ദ്രമുഖ്യ-
വിഖ്യാതജന്മാതിപവിത്രതേ/സ്മിൻ
നീവൃത്യഭുച്ഛരീമലയാള നാമ്നി
യോ ലബ്ധവർണ്ണഃ കില ലബ്ധജന്മാ[6]

എന്ന ശ്ലോകം എഴുതുക വഴി "പ്രത്യഗ്രശങ്കരൻ' എന്ന് അറിയപ്പെടുന്നയാളും കൂടിയാണ് സ്വാമി എന്നതിലേക്ക് ഒരു വഴി വെട്ടുകയാണ് കവി. ആദിശങ്കരന്റെ ജന്മം കൊണ്ട് പവിത്രമായ മലയാളക്കരയിൽത്തന്നെയാണ് ചട്ടമ്പിസ്വാമികൾ ജനിച്ചത് എന്ന് ഈ ശ്ലോകം വ്യക്തമാക്കുന്നു. ഒന്നാം സർഗ്ഗത്തിലെ പതിനഞ്ചാം ശ്ലോകമാണ് കൊല്ലവർഷം 1029-ൽ (ക്രി.1853) അദ്ദേഹം ജനിച്ചു എന്ന് വ്യക്തമാക്കുന്നത്.

International Journal of Advances in Engineering and Management (IJAEM)
Volume 3, Issue 3 Mar. 2021, pp: 1107-1110 www.ijaem.net ISSN: 2395-5252

അഥ ക്രമേണൈഷ ബുബോധ ഭദ്രാം
താം ദ്രാവിഡീവ്യാകൃതിസാരമുദ്രാമ്;
ബാല്യാത് പ്രഭൃത്യാര്യവചോവിപഞ്ചീ-
ത്രിസ്കന്ധതന്ത്രീസരണിപ്രവീണഃ[7]

ചട്ടമ്പിസ്വാമികളുടെ സംസ്കൃത പാണ്ഡിത്യത്തിലേക്ക് വെളിച്ചം ഒരു ശ്ലോകമാണ് ഇത്. വ്യാകരണ ശാസ്ത്രത്തിൽ കൃത്യമായ ആധിപത്യം നേടിയതിന് ശേഷമാണ് അദ്ദേഹം തമിഴ് ഭാഷാവ്യാകരണം അഭ്യസിച്ചത് എന്നാണ് ഈ ശ്ലോകം പറയുന്നത്. സംസ്കൃതവ്യാകരണം ഹൃദിസ്ഥമാക്കിക്കഴിഞ്ഞാൽ സ്വാഭാവികമായും ഭാഷയിൽ പണ്ഡിതനായി എന്ന് മനസ്സിലാക്കണം. പിന്നീട് തമിഴ് വ്യാകരണം പഠിക്കുന്നതിന്നിടയിലാണ് അദ്ദേഹം വേദാന്തവാക്യാർത്ഥചർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. അതോടൊപ്പം തന്നെ വൈദിക മേഖലയിലും തന്റെ പാണ്ഡിത്യം സ്വാമിജി വർദ്ധിപ്പിച്ചിരുന്നു. "വേദങ്ങൾ ധർമ്മ ബ്രഹ്മ-ഉഭയപ്രതിപാദകങ്ങൾ ആണെന്നും മുഖ്യവേദങ്ങൾ ഉപനിഷദ്രൂപമായ ഉത്തരകാണ്ഡമാണെന്നും എല്ലാ വേദാന്തങ്ങളും ആത്മൈകത്വവിദ്യാപ്രതിപത്തിപരങ്ങൾ ആണെന്നും സ്ഥാപിക്കുന്നതിൽ അപ്രതിരോദ്ധ്യമായ സാമർത്ഥ്യം പ്രകാശിപ്പിക്കുകയുണ്ടായി എന്ന സാരം."[8] 22-ാം ശ്ലോകത്തിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

ഗുരുപാരമ്പര്യമനുസരിച്ച് അഷ്ടാങ്ഗങ്ങളോട് കൂടിയ പാതഞ്ജലയോഗശാസ്ത്രം ചട്ടമ്പിസ്വാമികൾ അഭ്യസിച്ചു എന്ന് കവി പറയുന്നു. എന്നാൽ അദ്ദേഹം പിന്നീട് സാംഖ്യദർശനസിദ്ധാന്തങ്ങളും പാതഞ്ജല ദർശനസിദ്ധാന്തങ്ങളും പൂർണ്ണമായും ശ്രുതി സമ്മതമാകുന്നില്ല എന്നതിനാൽ അവയെ ഉപേക്ഷിച്ചു എന്ന് താഴെപ്പറയുന്ന ശ്ലോകത്തിലൂടെ വിവരിക്കുന്നു

സ സാങ്ഖ്യാപാതഞ്ജലദർശനോക്ത്യാർ-
ന ശ്രുത്യനുഗ്രാഹകതേതി കൃത്വാഃ
സംത്യജ്യ തേ പാവനമാത്മയോഗം
തം ഭാവനാഖ്യം വിദധേ ബുധേന്ദ്രഃ[9]

സാംഖ്യപാതാഞ്ജല സിദ്ധാന്തങ്ങൾ പരിത്യജിച്ചത് അവ ശ്രുതി സമ്മതമാകാത്തതിനാലാണെങ്കിൽ അദ്ദേഹം അവയിലെ സിദ്ധാന്തങ്ങൾ എത്രമാത്രം ഗഹനമായി പഠിച്ചിരുന്നിരിക്കാം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം അവയെ വേദവുമായി തുലനം ചെയ്യണമെങ്കിൽ വേദത്തിലും അഗാധപാണ്ഡിത്യം സ്വാമികൾക്കുണ്ടായിരുന്നു എന്ന് ഗ്രഹിക്കുക. "വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം സംസ്കാര സമ്പാദനമാണ്." ആ സംസ്കാരം സ്വാമികൾക്ക് നല്കിയത് കാരുണ്യത്തിന്റെയും സർവ്വജീവിസമഭാവനയുടെയും പാഠങ്ങളാണ്. വ്യാഖ്യാകാരനായ ബാലരാമപ്പണിക്കർ സാഖ്യദർശനതത്വങ്ങളെക്കുറിച്ചും പാതഞ്ജലദർശനത്തെക്കുറിച്ചും കൈവല്യസമ്പാദനത്തെക്കുറിച്ചും വിശദമായിത്തന്നെ പറയുന്നുണ്ട്.

ലോകനന്മയെ ലക്ഷ്യമാക്കി ചട്ടമ്പിസ്വാമികൾ തപസ്സനുഷ്ഠിച്ചു എന്നും ഇന്ദ്രിയനിഗ്രഹം നേടിയ സ്വാമികൾ ഹഠയോഗവിദ്യ സ്വായത്തമാക്കി എന്നും പറയുന്നു. അദ്ദേഹം പ്ലാവിനി എന്ന കുംഭകം തുടങ്ങി യോഗശാസ്ത്രത്തിലെ ഓരോ വിഭാഗവും കൃത്യമായി വശത്താക്കി കുണ്ഡലിനീശക്തിയെ ഉണർത്താനുള്ള വിദ്യകൾ വരെ അദ്ദേഹം കൈക്കലാക്കിയിരുന്നു. അതോടൊപ്പം രാജയോഗസിദ്ധിയും സ്വാമികൾ നേടിയെടുത്തു. ഇതിൽ നിന്നെല്ലാം യോഗയുമായി ബന്ധപ്പെട്ട സർവ്വമേഖലകളിലും അദ്ദേഹം പ്രാവീണ്യം നേടി എന്ന് മനസ്സിലാക്കുന്നു.

ഒരു മഹാത്മാവിൽനിന്നും അദ്ദേഹത്തിന് യാദൃച്ഛികമായി മഹാവാക്യോപദേശം ലഭിച്ചു എന്ന് രണ്ടാം സർഗ്ഗത്തിലെ നാലാം ശ്ലോകത്തിലൂടെ കവി വിവരിക്കുന്നു. തുടർന്ന് മോക്ഷമാർഗ്ഗത്തിൽ സ്വാമികൾ സഞ്ചരിക്കാനാഗ്രഹിക്കുകയും ആത്മജ്ഞാനത്തെ ആശ്രയിക്കാനാരംഭിക്കുകയും ചെയ്തു എന്ന് താഴെക്കൊടുത്ത ശ്ലോകം വിശദീകരിക്കുന്നു.

International Journal of Advances in Engineering and Management (IJAEM)
Volume 3, Issue 3 Mar. 2021, pp: 1107-1110 www.ijaem.net ISSN: 2395-5252

'കർമ്മാവിരോധേന' തമസ്സ്വഭാവാം
വർജ്ജ്യാമവിദ്യാം വിനിവർത്തയേന്ന;
വിദ്യൈവ തന്നാശകരീ നിഷേവ്യ-
ത്യഭിജ്ഞവര്യഃ സ തു നിശ്ചികായ[10]

പിന്നീട് "ഈ ചട്ടമ്പിസ്വാമി തിരുവടികൾ അനാദിയും അനിർവചനീയയും എല്ലാ കർമ്മങ്ങൾക്കും നിദാനഭൂതയും, കാരണോപാധി എന്ന് വർണ്ണിക്കപ്പെടുന്നതും ആയ അവിദ്യയെ അനാഹാര്യം, അസന്നിഗ്ദ്ധം, അവി പര്യാസ്തം, അപരോക്ഷം എന്നീ നിലകളിൽ എത്തിയ ആത്മസാക്ഷാത്കാരം ആകുന്ന വിദ്യകൊണ്ട് അതിവേഗം ദുരീകരിക്കുകയുണ്ടായി."[11] രണ്ടാം സർഗ്ഗത്തിലെ പതിനെട്ടാം ശ്ലോകത്തിന്റെ സാരം ഇങ്ങനെ പ്രതിപാദിക്കുമ്പോൾ അവിദ്യയെക്കുറിച്ചും അതിന്റെ വിവിധ വശങ്ങളെക്കുറിച്ചും വ്യാഖ്യാകാരൻ വിശദീകരിച്ചിരിക്കുന്നു. തുടർന്ന് വ്യാഖ്യാനത്തിൽ ഉപനിഷത്തുക്കളും തർക്കങ്ങളും വേദാന്തചിന്തകളുമെല്ലാം ശ്രീ ബാലരാമപ്പണിക്കർ പ്രതിപാദിക്കുന്നുണ്ട്. തുടർന്ന് പരമഭട്ടാര ശ്രീചട്ടമ്പി സ്വാമികളുടെ ശിഷ്യഗണങ്ങളിൽ മുഖ്യരായവരെക്കുറിച്ച് കാവ്യത്തിന്റെ മൂന്നാം സർഗ്ഗത്തിൽ വിവരിക്കുന്നു. അദ്ദേഹത്തിന്റെ ശിഷ്യത്വത്തിലൂടെ ജീവന്മുക്തപദവിവഴി സർവോത്കൃഷ്ടന്മാരായവരുണ്ട് എന്നും ഈ കൃതി വിശദമാക്കുന്നു. 'ജീവകാരുണ്യനിരൂപണം', 'ചിദാകാശലയം' 'ജാതിഭേദനിരൂപണം' 'വേദാധികാരനിരൂപണം' തുടങ്ങി അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളെക്കുറിച്ചും ഈ ജീവചരിത്രകാവ്യം പരാമർശിക്കുന്നു.

ബ്രഹ്മസാക്ഷാത്കാരത്തിനുശേഷമാണ് അദ്ദേഹം വിവിധ ദേശങ്ങൾ സന്ദർശിക്കാൻ കൂടുതൽ സമയം വിനിയോഗിച്ചത്. വടക്കൻ ഭാരതത്തിൽ ചട്ടമ്പിസ്വാമികൾ സന്ദർശനം നടത്തി എന്നതിന് തെളിവു നൽകുന്ന ഒരേയൊരു ഗ്രന്ഥമാണ് ബാലാഹ്വസ്വാമി ചരണാഭരണം. സ്വാമിപാദങ്ങളിൽ സമർപ്പിക്കപ്പെട്ടതാണ്. എന്ന് കാവ്യത്തിലെ അവസാന ശ്ലോകം വിവരിക്കുന്നു. അതിനാൽ സ്വാഭാവികമായും തിരുവടികൾ വായിച്ചു ബോധ്യപ്പെട്ടു എന്നും ഇതിലെഴുതിയ വിവരങ്ങൾ യഥാർത്ഥമാണ് എന്നും തീരുമാനിക്കപ്പെടേണ്ടിയിരിക്കുന്നു. ആത്മസാക്ഷാത്കാരത്തിനുശേഷം അദ്ദേഹത്തിന്റെ തുടർപ്രവർത്തനങ്ങളെല്ലാം ലോകോപകാരാർത്ഥവും ജനങ്ങളുടെ ദുഃഖങ്ങൾ പരിഹരിക്കുന്നതിനും വേണ്ടിയായിരുന്നു കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ അദ്ദേഹം താമസിച്ചിരുന്നതായി ഈ കാവ്യത്തിലുണ്ട്.

സുധാകരഗുണാദ്രീന്ദു-
മിതേ; തു, ശകവത്സരേ;
നാരായണാഖ്യവൈദ്യേന
ചരിത്രമിദമുദ്ധൃതമ്.[12]

ഈ ശ്ലോകത്തിലൂടെ കവി തന്റെ പേര് നാരായണൻ ആണ് എന്നും കൊല്ലവർഷം 1084-ൽ ഈ കാവ്യരചന നിർവ്വഹിച്ചു എന്നും പറഞ്ഞിരിക്കുന്നു. അടുത്ത ശ്ലോകമാണ് കാവ്യത്തിന്റെ പേര് അന്വർത്ഥമാണ് എന്ന് വിശദീകരിക്കുന്നത്. അങ്ങനെ സ്വാമികളെക്കുറിച്ചും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെക്കുറിച്ചും വിശദീകരിച്ചപ്പോൾ അതോടൊപ്പം വിവിധ ശാസ്ത്രവിഷയങ്ങൾ ഗ്രഹിക്കാനും കൂടി വായനക്കാരന് സാധിച്ചു. സ്വാമികളുടെ മാഹാത്മ്യം കാവ്യമാക്കിയ കവിയും മലയാളത്തിൽ വ്യാഖ്യാനിച്ച് വ്യാഖ്യാകാരനും പ്രശംസയർഹിക്കുന്നു.

**അനുബന്ധം**

A. കവിദീപൻ, ആറന്മുള എം.കെ. നാരായണപിള്ള, ബാലാഹ്വസ്വാമിചരണാഭരണം, കുമരകം പി. പരമേശ്വരൻ പിള്ള, 1977 (ഇനി മുതൽ A എന്ന് പരാമർശിക്കപ്പെടും.)

B. പ്രൊഫ. കെ. ബാലരാമപ്പണിക്കർ (മലയാള വ്യാഖ്യാനം), കവിദീപൻ, ആറന്മുള എം.കെ.നാരായണപിള്ള, ബാലാഹ്വസ്വാമി ചരണാഭരണം, കുമരകം പി. പരമേശ്വരൻ പിള്ള, 1977 (ഇനിയങ്ങോട്ട് B എന്ന് പരാമർശിക്കപ്പെടും.)

1. ശ്ലോകം 1, സർഗ്ഗം 1, p.1 (A)
2. വിവരണം, p. 2 (B)
3. ശ്ലോകം 27, സർഗ്ഗം 3, p. 259 (A)
4. D- സാരം, p. 260 (B)
5. ശ്ലോകം 3, സർഗ്ഗം 1, p. 9 (A)
6. ശ്ലോകം 11, സർഗ്ഗം 1, p. 39 (A)
7. ശ്ലോകം 20, സർഗ്ഗം 1, p. 59 (A)
8. E - സാരം p. 66 (B)
9. ശ്ലോകം 25, സർഗ്ഗം 1, p. 74 (A)
10. ശ്ലോകം 9, സർഗ്ഗം 2, p. 150 (A)
11. E - സാരം p. 173 (B)
12. ശ്ലോകം 26, സർഗ്ഗം 3, p. 158 (A)

**സഹായഗ്രന്ഥങ്ങൾ**

1. കവിദീപൻ, ആറന്മുള എം.കെ. നാരായണപിള്ള, ബാലാഹ്വസ്വാമിചരണാഭരണം, കുമരകം പി. പരമേശ്വരൻ പിള്ള, 1977
2. പ്രൊഫ. കെ. ബാലരാമപ്പണിക്കർ (മലയാള വ്യാഖ്യാനം), കവിദീപൻ, ആറന്മുള എം.കെ.നാരായണപിള്ള, ബാലാഹ്വസ്വാമി ചരണാഭരണം, കുമരകം പി. പരമേശ്വരൻ പിള്ള, 1977
3. എ. ശ്രീധരമേനോൻ, കൾച്ചറൽ ഹെറിറ്റേജ് ഓഫ് കേരള, എസ്.വിശ്വനാഥൻ പ്രൈവറ്റ് ലിമിറ്റഡ്, മദ്രാസ് 1996.
4. പി.കെ.ഗോപി, എ ഹിസ്റ്ററി ഓഫ് കേരള, കാലിക്കറ്റ് കോപ്പറേറ്റീവ് സൊസൈറ്റി, കാലിക്കറ്റ് 2017.
5. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.